**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മലയത്ത്സ് മൈൻഡ് ഡിസൈൻ പരിപാടിക്ക് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.2657/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 01/08/2017

പരാമർശം:- മലയത്ത്സ് മൈൻഡ് ഡിസൈൻ ഡയറക്ടർ സമർപ്പിച്ചിരിക്കുന്ന 10/07/2017 ലെ കത്ത്.

**ഉത്തരവ്**

വിദ്യാർത്ഥികളിൽ ലക്ഷ്യബോധം, ആത്മവിശ്വാസം, ഏകാഗ്രത, ശുഭാപ്തി വിശ്വാസം, പഠന താത്പര്യം, പാഠ്യേതര വിഷയങ്ങളിലെ കഴിവ് മുതലായവ വളർത്തുന്നതിനും, പരീക്ഷാ ഭയം ഇല്ലാതാക്കുന്നതിനും മലയത്ത്സ് മൈൻഡ് ഡിസൈൻ എന്ന ശാസ്ത്രീയാധിഷ്ഠിത പരിപാടി ഏതാനും വർഷങ്ങളായി കേരളത്തിലെ വിദ്യാർത്ഥികൾക്കായി നടത്താറുണ്ടെന്നും ആയതിനാൽ താത്പര്യമുള്ള നഗരസഭകൾക്കും പഞ്ചായത്തുകൾക്കും തങ്ങളുടെ കീഴിലുള്ള സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് മലയത്ത്സ് മൈൻഡ് ഡിസൈൻ പരിപാടി നടത്തുന്നതിനുള്ള യഥേഷ്ടാനുമതി നൽകണമെന്നും പരാമർശ കത്ത് പ്രകാരം ഡയറക്ടർ മലയത്ത്സ് മൈൻഡ് ഡിസൈൻ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തങ്ങളുടെ കീഴിലുള്ള സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് മലയത്ത്സ് മൈൻഡ് ഡിസൈൻ പരിപാടി നടത്തുന്നതിന് താത്പര്യമുള്ള നഗരസഭകൾക്കും പഞ്ചായത്തുകൾക്കും അവരവരുടെ തനത് ഫണ്ടിൽ നിന്ന് 30,000/- (മുപ്പതിനായിരം) രൂപ വരെ ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി ജെ. ഷുക്കൂർ.
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഫൗണ്ടർ & ഡയറക്ടർ, മലയത്ത്സ് മൈൻഡ് ഡിസൈൻ, അക്കാദമി ഫോർ മൈൻഡ് ഡിസൈൻ, കോർട്ട് റോഡ്, നിലമ്പൂർ - 679 329
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എൽ.ബി.എ.&എ ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.